**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3160** **11-03-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ ഇൻഡസ്ട്രി കണക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അന്താരാഷ്ട്ര വിനോദസഞ്ചാര മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുത്തൻ പ്രവണതകളും സഞ്ചാരികളുടെ അഭിരുചിയും ടൂറിസം സംരംഭകരെ പരിചയപ്പെടുത്തുന്നതിന് സ്ഥിരം സംവിധാനമൊരുക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ടൂറിസം മേഖലയിലെ സ്റ്റേക്ക് ഹോൾഡേഴ്സുമായി നിരന്തരം ബന്ധപ്പെടുന്നതിനും ചർച്ച ചെയ്യുന്നതിനുമായി ഇൻഡസ്ട്രി കണക്ട് മീറ്റിംഗുകൾ വിളിച്ച് ചേർക്കാറുണ്ട്. 20.06.2024, 06.07.2024 എന്നീ തീയതികളിലാണ് അവസാനമായി മീറ്റിംഗുകൾ സംഘടിപ്പിച്ചത്. പ്രസ്തുത മീറ്റിംഗുകളിൽ, സംസ്ഥാനത്തെ ടൂറിസം വികസനത്തെയും, ആഭ്യന്തര അന്താരാഷ്ട്ര മാർക്കറ്റുകളിലുള്ള നൂതന പ്രവണതകളെയും കുറിച്ച് ചർച്ച ചെയ്യുകയും അതിനനുസരിച്ച് പ്രചരണതന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. |
| (ബി) | ടൂറിസം സംരംഭകരെ ശാക്തീകരിക്കുന്നതിനുവേണ്ടി ടൂറിസം മേഖലയിൽ ഇൻഡസ്ട്രി കണക്ട് എന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | സ്റ്റേക്ക് ഹോൾഡേഴ്സും സർക്കാരും തമ്മിലുള്ള മീറ്റിംഗുകളിൽ സംസ്ഥാനത്തെ ടൂറിസം വികസനത്തെയും, ആഭ്യന്തര അന്താരാഷ്ട്ര മാർക്കറ്റുകളിലുള്ള നൂതന പ്രവണതകളെയും കുറിച്ച് ചർച്ച ചെയ്യുകയും അതിനനുസരിച്ച് പ്രചരണതന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്നതിനായി ഇൻഡസ്ട്രി കണക്ട് എന്ന ആശയം രൂപപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിലെ വിവിധങ്ങളായ സംരംഭകരുമായി ചർച്ച ചെയ്ത് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>സ്റ്റേക്ക് ഹോൾഡേഴ്സും സർക്കാരും തമ്മിലുള്ള നിരന്തര ആശയവിനിമയത്തിനും രംഗത്തെ നൂതന പ്രവണതകളും മാർക്കറ്റിംഗ് തന്ത്രങ്ങളും ആവിഷ്കരിക്കുന്നതിനും ആഭ്യന്തര അന്താരാഷ്ട്ര മാർക്കറ്റുകളിലെ വിപണന തന്ത്രങ്ങളെയും കുറിച്ച് ചർച്ച ചെയ്യുകയും നടപ്പാക്കുകയും ചെയ്തുവരുന്നു. |
| (സി) | പ്രസ്തുത വിഷയത്തിന്റെ ഭാഗമായി ടൂറിസം നിക്ഷേപകരെ സംസ്ഥാനത്തേക്ക് | (സി) | ടൂറിസം നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും ടൂറിസം സംരംഭങ്ങൾക്ക് |

| | | | |
|---|---|---|---|
| | ആകർഷിക്കുന്നതിനും ടൂറിസം സംരംഭങ്ങൾക്ക് ആവശ്യമായ എല്ലാവിധ സർക്കാർ പിന്തുണയും ഉറപ്പാക്കുന്നതിനും വേണ്ടി എല്ലാ വർഷവും ടൂറിസം നിക്ഷേപകസംഗമം നടത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | | ആവശ്യമായ എല്ലാവിധ സർക്കാർ പിന്തുണയും ഉറപ്പാക്കുന്നതിനും വേണ്ടി വിനോദസഞ്ചാര വകുപ്പ് ആവിഷ്ക്കരിച്ച ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് 2023 നവംബർ 16 ന് തിരുവനന്തപുരത്ത് വെച്ച് സംഘടിപ്പിക്കപ്പെടുകയുണ്ടായി. ഈ നിക്ഷേപക സംഗമത്തിൽ 23 സർക്കാർ പദ്ധതികളും 52 സ്വകാര്യ പദ്ധതികളും അവതരിപ്പിക്കപ്പെട്ടു. ടൂറിസം വകുപ്പ് അവതരിപ്പിച്ച 23 പദ്ധതികൾക്ക് പുറമേ 16 പദ്ധതികൾ കൂടി നിക്ഷേപക സംഗമത്തിൽ ലഭിച്ചു. ഇത്തരത്തിൽ 39 പദ്ധതികൾക്കായി 2511.10 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചു.<br><br>പരിപാടിയിൽ അവതരിപ്പിക്കപ്പെട്ട 52 സ്വകാര്യ പദ്ധതികൾക്ക് പുറമേ സ്വകാര്യ മേഖലയിലെ 21 പദ്ധതികൾക്ക് കൂടി നിക്ഷേപവാഗ്ദാനം ലഭ്യമായി.സ്വകാര്യമേഖലയിലെ പദ്ധതികൾക്കായി 12605.55 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് പരിപാടിയുടെ ഭാഗമായി ലഭ്യമായിട്ടുള്ളത്. ഒരു സ്റ്റാർട്ടപ്പ് പദ്ധതിക്കായി 10 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനവും പരിപാടിയുടെ ഭാഗമായി ലഭ്യമായിട്ടുണ്ട്. ആകെ 15,126.65 കോടി രൂപയുടെ നിക്ഷേപവാഗ്ദാനങ്ങൾ നിക്ഷേപക സംഗമത്തിൽ ലഭ്യമാവുകയുണ്ടായി. പദ്ധതികൾക്കായി നിക്ഷേപകരെ കണ്ടെത്തുന്നതിനും സ്വകാര്യ പദ്ധതികൾക്ക് ആവശ്യമായ ഫെസിലിറ്റേറ്ററി സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും വിവിധ ഘട്ടങ്ങളായി പുരോഗമിച്ചുവരികയാണ്. വരും വർഷങ്ങളിൽ ടൂറിസം നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | മുൻവർഷങ്ങളിൽ സംസ്ഥാനത്ത് നടത്തിയ ടൂറിസം നിക്ഷേപകസംഗമത്തിന്റെ ഫലമായി ഏതെല്ലാം വിഭാഗത്തിൽപെടുന്ന സംരംഭകരെ കേരളത്തിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദീകരിക്കുമോ? | (ഡി) | ഹോട്ടലുകൾ, റിസോർട്ടുകൾ മുതലായവ അടങ്ങിയ ഹോസ്പിറ്റാലിറ്റി മേഖല, സസ്റ്റെയിനബിൾ ഫാം/ അഗ്രിക്കൾച്ചർ ടൂറിസം മേഖല, റിക്രിയേഷണൽ / എന്റർടെയിൻമെന്റ് ടൂറിസം, കാരവൻ ടൂറിസം, MICE ടൂറിസം, ഹെലിടൂറിസം, സ്പോർട്സ്, ക്രൂയിസ്/ യാട്ട് ടൂറിസം, വെൽനെസ്സ് ടൂറിസം, ഫിലിം ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം തുടങ്ങിയ മേഖലകളിൽ നിക്ഷേപകർ ലെറ്റർ ഓഫ് ഇന്റന്റ് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ